**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4300** **12/11/2019-ൽ മറുപടിയ്ക്ക്**

# കേരള ബാങ്ക് നിലവിൽ വരുമ്പോഴുള്ള മാറ്റങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരിക്കുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന ഗുണങ്ങൾ വ്യക്തമാക്കാമോ; | (എ) | എല്ലാ വിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും കരഗതമാകുവാൻ കേരള ബാങ്ക് രൂപീകരണം വഴിതെളിക്കും.<br>കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പ ലഭ്യമാക്കാൻ സാധിക്കുന്നതിലൂടെ അംഗ സംഘങ്ങളുടെ ലാഭക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയും.<br>കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ വിവിധ ആനുകൂല്യങ്ങൾ ഗ്രാമീണ ഉപഭോക്താക്കളുടെ അംഗസംഘങ്ങളിലെ അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കും.<br>കേരള ബാങ്കിന്റെ സാമ്പത്തിക സ്ഥിതി ശക്തമായതാകയാൽ നബാർഡിൽ നിന്നുള്ള പുനർവായ്പ തുക വർദ്ധിപ്പിക്കുന്നതിന് കഴിയും. അതുവഴി കാർഷിക വായ്പ തോത് വർദ്ധിപ്പിക്കാനാവും.<br>അധിക ഫണ്ട് കൂടുതൽ ആദായകരമായി നിക്ഷേപിക്കുവാൻ കഴിയും.<br>കേരളബാങ്കിന്റെ പ്രവർത്തന മൂല്യം ഉയരുന്നതിനനുസരിച്ച് കൂടുതൽ ഉയർന്ന ലാഭ വിഹിതം അംഗസംഘങ്ങൾക്ക് നേടിയെടുക്കുവാൻ കഴിയും.<br>മൈക്രോ ഫിനാൻസ് രംഗത്ത് ഉൾപ്പെടെ സംഘങ്ങൾക്ക് ഫലപ്രദമായ ഇടപെടൽ നടത്തുവാൻ സാധിക്കും.<br>ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചെലവ് ഈടാക്കി നൽകാൻ കഴിയുന്നതിലൂടെ സംഘങ്ങളുടെ അംഗങ്ങൾ |

| | | | |
|---|---|---|---|
| | | | ക്കിടയിൽ കൂടുതൽ വിശ്വാസം നേടിയെടുക്കുവാൻ സാധിക്കും. |
| (ബി) | കേരള ബാങ്ക് നിലവിൽ വരുമ്പോൾ ജില്ലാ ബാങ്കുകളുടെ എല്ലാ ബ്രാഞ്ചുകളെയും നിലനിർത്താൻ സാധിക്കുമോ; ബ്രാഞ്ചുകൾ വെട്ടിക്കുറക്കേണ്ട സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കേരള ബാങ്ക് നിലവിൽ വരുമ്പോൾ ജില്ലാ സഹകരണ ബാങ്കുകളുടെ എല്ലാ ശാഖകളും നിലനിർത്തുവാൻ സാധിക്കും.<br>ബ്രാഞ്ചുകൾ വെട്ടിക്കുറയ്ക്കേണ്ട സാഹചര്യം നിലവിലില്ല. |
| (സി) | കേരള ബാങ്കിന് അന്തിമാനുമതി ലഭിക്കാൻ റിസർവ് ബാങ്കിന് നൽകിയ അണ്ടർടേക്കിംഗിലെ വ്യവസ്ഥകൾ വ്യക്തമാക്കാമോ? | (സി) | മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള വകുപ്പ് 14 എ-യുമായി ബന്ധപ്പെട്ട കേസുകളിൽ കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായി എത്രയും വേഗം ലയനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>അന്തിമ അനുമതിക്ക് റിസർവ്വ് ബാങ്ക് ചുവടെ പറയുന്ന നിബന്ധനകളാണ് മുന്നോട്ട് വച്ചിട്ടുള്ളത്.<br><br>1) 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുൻപ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9 ശതമാനം മൂലധന പര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.<br>2) ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ് വർത്തിന്റെ അടിസ്ഥാനത്തിൽ ലയന ശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | രൂപപ്പെടുത്തണം.<br>3) വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.<br>4) ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടന, അധികാരങ്ങൾ എന്നിവ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗ നിർദ്ദേശത്തിന് അനുസരിച്ചാവണം.<br>5) ലയനശേഷം ആർ.ബി.ഐയുടെ തത്വത്തിൽ ഉള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.<br>6) അന്തിമ അനുമതിക്ക് 2020 മാർച്ച് 31 വരെ പ്രാബല്യം ഉണ്ടായിരിക്കും. അതിനുശേഷം സംസ്ഥാന സർക്കാർ തൽസ്ഥിതി സംബന്ധിച്ച് നബാർഡ് മുഖാന്തിരം റിസർവ് ബാങ്കിന് റിപ്പോർട്ട് സമർപ്പിക്കണം. |

**സെക്ഷൻ ഓഫീസർ**